പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1686** **16-10-2026-ൽ മറുപടിയ്ക്ക്**

**ആയൂർ കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. അജയപ്രസാദ് ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** പുനലൂർ മണ്ഡലത്തിലെ ആയൂരിൽ എം.സി. റോഡിന് സമീപത്ത് പ്രവർത്തിച്ചിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഓപ്പറേറ്റിംഗ് സെന്റർ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നും സർവീസുകൾ കാര്യക്ഷമമാക്കാൻ നിലവിൽ സ്റ്റേഷൻ മാസ്റ്ററെ നിയമിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

**മറുപടി:** പുനലൂർ മണ്ഡലത്തിലെ ആയൂരിൽ എം.സി. റോഡിന് സമീപത്ത് പ്രവർത്തിച്ചിരുന്നത് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് മാത്രമാണ്. ആയത് ചെലവ് ചുരുക്കലിന്റെ ഭാഗമായി നിർത്തലാക്കിയിരുന്നു.

**(ബി)** എൻക്വയറി കൗണ്ടർ ഉൾപ്പെടെയുള്ള ഓഫീസ് സംവിധാനങ്ങൾ പുനരാരംഭിക്കാനും മറ്റ് സൗകര്യങ്ങൾ ഒരുക്കാനും കെ.എസ്.ആർ.ടി.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** കോവിഡ് രോഗവ്യാപന സമയത്ത് നിലച്ചുപോയ പ്രസ്തുത സെന്ററിന്റെ പ്രവർത്തനം പൂർണ്ണമായി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയൂരിൽ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സ്റ്റേഷൻ മാസ്റ്റർ ഓഫീസിന് ആവശ്യമായ ക്രമീകരണവും ബസ് പാർക്കിംഗിനുള്ള സ്ഥലവും സൗകര്യവും ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് സാധ്യത പരിശോധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**